"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കണ്ണൂർ ജില്ല - മൊകേരി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീ.യദുനാഥ് കെ പി -യുടെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2163/2025/LSGD തീയതി,തിരുവനന്തപുരം, 02-09-2025

---

പരാമർശം:-

1. 23.04.2020ലെ സ ഉ (കൈ) നം.81/2020/പൊഭവ
2. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.08.2020ലെ DDP-KNR/855/2020-E1 നമ്പർ നടപടിക്രമം
3. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24.02.2025ലെ LSGD/JD/KNR/1284/2025-A3 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.07.2025ലെ -LSGD/PD/14509/2025-DEC4 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.യദുനാഥ് കെ പി -യുടെ നിരീക്ഷണകാലം 19.08.2022 മുതൽ 16.10.2024വരെ ദീർഘിപ്പിക്കുന്നതിനുള്ള ശിപാർശ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2.ആഭ്യന്തരവകുപ്പിൽ സൂപ്പർന്യൂമറിയായി ജോലിയിൽ പ്രവേശിച്ച ശ്രീ.യദുനാഥ് കെ പി -യെ പരാമർശം (1) പ്രകാരം പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കുകയും പരാമർശം (2) പ്രകാരം ടിയാന് ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതും ടിയാൻ 25/08/2020 ന് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. പരാമർശം (3) പ്രകാരം 17/08/2019 തീയതി പ്രാബല്യത്തിൽ ശ്രീ.യദുനാഥ് കെ പി -യുടെ ക്ലാർക്ക് തസ്തികയിലെ നിയമനം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും സേവനം തൃപ്തികരമാണെന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ നിരീക്ഷണ കാലയളവ് പരാമർശം (4) പ്രകാരം 19/08/2021 മുതൽ 18/08/2022 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാൻ SLI , GIS എന്നിവയിൽ അംഗത്വമെടുക്കുകയും 14/10/2024 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും

ചെയ്തിട്ടുണ്ടെന്നും പ്രൊബേഷൻ കാലയളവിൽ ടിയാൻ 2 ദിവസത്തെ പരിവർത്തിതാവധി ഉപയുക്തമാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 14.10.2024 ൽ എം ഒ പി പരീക്ഷ പാസ്സായ കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.യദുനാഥ് കെ പി -യുടെ പ്രൊബേഷൻ 15.10.2024 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 19.08.2022 മുതൽ 16.10.2024വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കണ്ണൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,മൊകേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.യദുനാഥ് കെ പി , ക്ലർക്ക് , മൊകേരി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.200/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 02-09-2025 11:41:19